# ടിങ്കു മുയലിന്റെ ബുദ്ധി

ചിന്നൻ മുയലും ചിണ്ടൻ മുയലും കാട്ടരുവിയുടെ തീരത്തുള്ള കറുകപ്പുല്ലു തിന്നു കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നാണ് തൊട്ടടുത്ത് നിന്ന് ഒരു കടുവച്ചാരുടെ അലർച്ച കേട്ടത്. ഗർർ ഗർർ. മുയൽക്കുട്ടന്മാർ ജീവനും കൊണ്ട് പാഞ്ഞു.

ആ മരണപ്പാച്ചിലിൽ ചിണ്ടൻ വലിയൊരു ആൽമരത്തിന്റെ ഉയർന്നു നിൽക്കുന്ന വേരുകൾക്കിടയിൽ കുരുങ്ങിപ്പോയി. ''ഹയ്യോ, എന്നെ രക്ഷിക്കണേ....!'' ചിണ്ടൻ വലിയ വായിൽ കരഞ്ഞു.

കരച്ചിൽ കേട്ട് ചിന്നൻ ചിണ്ടന്റെ അടുത്തേക്കു വന്നു. ഭാഗ്യത്തിന്



ടെൻസിങ് നോർഗെ, എഡ്മണ്ട് ഹിലാരി എന്നിവരാണ് ആദ്യമായി എവറസ്റ്റ്



കടുവച്ചാർ മറ്റൊരു വഴിയിലേക്കു തിരിഞ്ഞു പോയിട്ടുണ്ടായിരുന്നു.

ചിണ്ടനെ ഈ ആപത്തിൽ നിന്നും രക്ഷിക്കണം. പക്ഷേ, എങ്ങനെ? ചിന്നന് ആലോചിച്ചിട്ട് ഒരു പിടിയും കിട്ടിയില്ല. ചിന്നൻ വിഷമിച്ചു നിൽക്കുമ്പോൾ അവിടേക്ക് ഒരു പറ്റം മുയലുകളെത്തി. കൂട്ടത്തിൽ അവരുടെയെല്ലാം നേതാവ് ടിങ്കു മു യലും ഉണ്ടായിരുന്നു.

‘നമുക്ക് എല്ലാവർക്കും ചിണ്ടനെ വലിച്ചു രക്ഷപ്പെടുത്താം.’ കൂട്ടത്തിലെ ഒരു മുയൽ പറഞ്ഞു.

ബലമുള്ള വേരിൽ കുരുങ്ങിക്കിടക്കുന്ന ചിണ്ടനെ പിടിച്ചുവലിച്ചാൽ അവന്റെ കൈ ദേഹത്തുനിന്ന് വേർപെട്ടുപോവുകയായിരിക്കും ഫലമെന്ന് മനസ്സിലാക്കി ടിങ്കു കുട്ടന്മാരോട് പറഞ്ഞു: ചിണ്ടനെ ഇപ്പോൾ ആരും രക്ഷപ്പെടുത്താൻ ശ്രമിക്കരുത്. അത് കൂടുതൽ അപകടം ക്ഷണിച്ചു വരുത്തും. ഞാനിപ്പോൾത്തന്നെ വരാം. അതും പറഞ്ഞ് ടിങ്കു മുയൽ അവിടെ നിന്നും പോയി. കുറച്ചു കഴിഞ്ഞ് അവരുടെയെല്ലാം കൂട്ടുകാരനായ തിമ്മനാനയെയും കൂട്ടിക്കൊണ്ടാണ് ടിങ്കു വന്നത്.

തിമ്മനാന വേരുകൾ പൊട്ടിച്ച് ചിണ്ടനെ രക്ഷപ്പെടുത്തി. ചിണ്ടന്റെ ജീവൻ രക്ഷിക്കാൻ സഹായിച്ച തിമ്മനാനയോട് ടിങ്കു മുയലും കൂട്ടരും നന്ദി പറഞ്ഞു.

**കൺസൺ ബാബു**